# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 55/2021 (ചൊവ്വാഴ്ച)** **തീയ്യതി: 13.07.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 14.07.2021 | 15.07.2021 | 16.07.2021 | 17.07.2021 | 18.07.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 6 | 6 | 8 | 5 |
| ഉയർന്ന താപനില (°C) | 27 | 26 | 27 | 27 | 33 |
| കുറഞ്ഞ താപനില (°C) | 23 | 23 | 24 | 24 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 71 | 71 | 71 | 71 | 71 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 14 | 12 | 10 | 10 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 250 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |
| ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 33°C വരെയും കുറഞ്ഞ താപനില 23°C വരെയും പ്രതീക്ഷിക്കുന്നു | | | | | |

**പൊതു നിർദ്ദേശങ്ങൾ**:വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ചാലുകൾ കീറി നീർവാർച്ച സൗകര്യങ്ങൾ ഒരുക്കുക .താങ്ങ് നൽകേണ്ട വിളകൾക്ക് ആവശ്യമായ താങ്ങുകൾ നൽകുക .മഴ മറകളിലും പോളിഹൗസുകളിലുമുള്ള അമിത ജലാംശം രോഗ സാധ്യത കൂട്ടുന്നതിനാൽ നിയന്ത്രിതമായ അളവിൽ നന തുടരുന്നതാണ് ഉചിതം.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| ഇഞ്ചി | മൂട് ചീയൽ രോഗം | ഇഞ്ചിയിൽ മൂട് ചീയൽ രോഗം ശ്രദ്ധയിൽ പ്പെട്ടാൽ 3 ഗ്രാം കോപ്പർഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |
| കമുക് | മഹാളി രോഗം | ശക്തമായ മഴ തുടങ്ങുന്നതിനു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം അല്ലെങ്കിൽ കോപ്പർഓക്സിക്ലോറൈഡ് (2 g / l ) തളിച്ചുകൊടുക്കുന്നത് മഹാളി രോഗം വരുന്നതിനു മുൻകരുതലായി ചെയ്യാവുന്നതാണ് |

| | | |
|---|---|---|
| കന്നുകാലി | | കൊതുകു മുട്ട ഇട്ടു പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയായി വയ്ക്കാനും, വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക. ചാണക കുഴികളിൽ മഴ നേരിട്ട് വീഴാതെ മൂടി വയ്ക്കുക.<br><br>തീറ്റ ചാക്കുകൾ ചുമരിൽ ചാരി വക്കാതെ മരപ്പലകയുടെയോ ഇരുമ്പ് പലകയുടെയോ മുകളിൽ സൂക്ഷിക്കുക. തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷബാധയ്ക്ക് കാരണമാകും. കന്നുകാലികൾക്കുള്ള തീറ്റകൾ ദീർഘനാളത്തേക്കു വാങ്ങി സൂക്ഷിക്കാതിരിക്കുക .മഴക്കാലം ആയതിനാൽ പൂപ്പൽ വരാനുള്ള സാധ്യത വളരെ കൂടുതൽ ആണ് .അതുപോലെ പൂപ്പൽ ബാധിച്ച തീറ്റ കന്നുകാലികൾക്ക് നൽകാതിരിക്കാനും ശ്രദ്ധിക്കുക . |
| കോഴി | | മഴക്കാലത്തു താരതമ്യേന പകൽ വെളിച്ചം കുറവായതുകൊണ്ട് മുട്ട കോഴികളിൽ മുട്ട ഉത്പാദനം കുറയാൻ സാധ്യതയുണ്ട്. ആയതിനാൽ, വെളിച്ചത്തിനായിഫ്ലൂറസെൻറ്ലൈറ്റുകൾഇട്ടുദിവസവും 16 മണിക്കൂർ എന്ന തോതിൽ വെളിച്ചം നൽകണം.. |